# “ഊരിൽ ഒരു ദിവസം”

## പട്ടിക വർഗ്ഗ പ്രത്യേക അദാലത്ത്

**തീയതി : 09-02-2016** **സ്ഥലം: കാട്ടാത്തിപ്പാറ**

---

പത്തനംതിട്ട ജില്ലയിലെ പട്ടിക വർഗ്ഗ കോളനികളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം, വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ – വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ക്ഷേമബത്ത പ്രവർത്തനങ്ങൾ തുടങ്ങിയവ ലക്ഷ്യമാക്കി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടവും കുടുംബശ്രീ ജില്ലാമിഷനും, പട്ടിക വർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിൽ ഒരു ദിവസം. ഈ പട്ടിക വർഗ്ഗ അദാലത്തിൽ ജില്ലാ ഭരണകൂടം, കുടുംബശ്രീ ജില്ലാമിഷൻ, പട്ടിക വർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, ഭൂഗർഭ ജല വകുപ്പ്, ഐ.സി.ഡി.എസ്, വില്ലേജ് ഓഫീസ്, പൊതുമരാമത്ത്, കെ.എസ്.ഇ.ബി., പഞ്ചായത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, സാക്ഷരതാ മിഷൻ, റവന്യു വകുപ്പ്, ജലവിഭവ വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയവർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**അരുവാപ്പുലം പഞ്ചായത്തിലെ കാട്ടാത്തിപ്പാറ പട്ടിക വർഗ്ഗ കോളനിയിൽ 09-02-2016–ൽ** ഊരിൽ ഒരു ദിവസം 5–ാം ഘട്ടം ബഹു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

ബഹു. ജില്ലാ കളക്ടർ ശ്രീ. ഹരികിഷോർ ഐ.എ.എസ്, കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ (i/c) ശ്രീ. സുരേഷ് പി.എൻ., ജന പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, ഊര് നിവാസികൾ എന്നിവർ അദാലത്തിൽ പങ്കെടുത്തു. ബഹു. ജില്ലാമിഷൻ കോ–ഓർഡിനേറ്റർ അദാലത്തിന് സ്വാഗതം ആശംസിച്ചു. ബഹു. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ കാട്ടാത്തിപ്പാറയിലെ ഊര് നിവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു.

കുടുംബശ്രീ നടത്തിയ മൈക്രോ ലെവൽ പ്ലാനിംഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഊരിൽ ഒരു ദിവസം പദ്ധതിക്ക് രൂപം നൽകിയതെന്ന് ബഹു. കളക്ടർ സൂചിപ്പിച്ചു. കഴിഞ്ഞ 4 അദാലത്തുകളെ സംബന്ധിച്ച് കളക്ടർ വിശദീകരിച്ചു. അദാലത്തുകളിലെ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തെ കളക്ടർ പ്രശംസിച്ചു. ഉദാ: ആവണിപ്പാറയിലെ പാലം നിർമ്മാണ ഉദ്ഘാടനം, റേഷൻ കാർഡ് വിതരണം, ആരോഗ്യ പ്രശ്ന പരിഹാരങ്ങൾ, വിദ്യാഭ്യാസ രംഗത്തെ പരിഹാരങ്ങൾ, പട്ടയം നൽകിയത് തുടങ്ങിയവ.

ഊരിൽ ഒരു ദിവസം പദ്ധതി ജനശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞത് ഈ പദ്ധതിയുടെ വിജയമായി കാണുന്നു. കക്കൂസ് വേണ്ടവർക്ക് കക്കൂസ് നൽകാനും, റേഷൻ കാർഡ് നൽകാനും, മെഡിക്കൽ ക്യാമ്പ് എന്നിവക്ക് കുടുംബശ്രീ മുൻകൈ എടുത്ത് എസ്.റ്റി. കോളനികളിൽ നടത്തണം എന്നും നിർദ്ദേശം നൽകി.







